# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 3067

18.10.2016-ൽ
മറുപടിയ്ക്ക്

## ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ.ജി.എസ്.ജയലാൽ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ കിൻഫ്രയുടെ നേതൃത്വത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ സംബന്ധിച്ച പുരോഗതി എത്രത്തോളമായെന്ന് വിശദമാക്കുമോ; | എ) കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനു ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം കൊല്ലം ജില്ലാ കളക്ടർക്ക് നല്കിയിട്ടുണ്ട്. അക്വയർ ചെയ്യാനുദ്ദേശിക്കുന്ന ഭൂമിയുടെ അതിർത്തിയിൽ കിൻഫ്ര അതിരടയാളക്കല്ലുകൾ സ്ഥാപിക്കുകയും അതു പ്രകാരമുള്ള സ്കെച്ച് ലാൻഡ് അക്വിസിഷൻ തഹസീൽദാർക്ക് നല്കുകയും ചെയ്തിട്ടുണ്ട്. ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽ വയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളായി |

| | | | |
|---|---|---|---|
| | | | ചിതറിക്കിടക്കുന്നതു നിമിത്തം, ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമായതിനാൽ മേൽപ്പറഞ്ഞ 46.39 ഏക്കർ ഭൂമി നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കിട്ടുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരവൂർ മുനിസിപ്പാലിറ്റിയുടേയും, ചിറക്കര ഗ്രാമപഞ്ചായത്തിന്റേയും കീഴിലുള്ള ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ പരിശോധനയിലാണ്. |
| **ബി)** | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത നടപടിയിലുള്ള പുരോഗതി എന്താണ്; | **ബി)** | ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനു വേണ്ടി കിൻഫ്ര പലപ്രാവശ്യം ബന്ധപ്പെട്ട അധികാരികളുമായി നേരിൽ ബന്ധപ്പെട്ടിട്ടുള്ളതാണ്. |
| **സി)** | 27-05-2013-ൽ പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര നൽകിയ അപേക്ഷയിന്മേൽ തീരുമാനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ; | **സി) & ഡി)** | പ്രസ്തുത അപേക്ഷയിൽ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി എടുക്കുന്ന തീരുമാനത്തിന് വിധേയമായി മാത്രമേ ഭൂമി ഏറ്റെടുക്കൽ അടക്കമുള്ള മേൽ നടപടികൾ സാദ്ധ്യമാവുകയുള്ളൂ. |
| **ഡി)** | ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുൻപോട്ട് പോകുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുവോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**